കേന്ദ്ര ടൂറിസം മന്ത്രിക്ക് ലാമിനേറ്റഡ് സീനറി പ്രസന്റേഷൻ നൽകിയ ഇനത്തിലുള്ള ചെലവ്

100 [3247] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ടൂറിസം മന്ത്രിക്ക് സംസ്ഥാന ടൂറിസം വകുപ്പിന്റെ ചെലവിൽ ലാമിനേറ്റഡ് സീനറി പ്രസന്റേഷനായി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ചിത്രകാരൻ വരച്ച ചിത്രമാണ് നൽകിയത്; ചിത്രത്തിന് എന്തു വിലയായി;

(സി) പ്രസ്തുത ചിത്രം ലാമിനേറ്റ് ചെയ്ത വകയിൽ എന്തു തുക ചെലവായി; എവിടെയാണ് പ്രസ്തുത ചിത്രം ലാമിനേറ്റ് ചെയ്തത്;

(ഡി) ഇതിന് സർക്കാർ അനുമതി നൽകിയിരുന്നോ; ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് ചെലവായത്; ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) പൊതുസ്ഥലങ്ങളിലും, ടൂറിസം മേളകളിലും പ്രദർശിപ്പിക്കുന്ന ലാമിനേറ്റഡ് സീനറിയാണ് ബഹു. കേന്ദ്രമന്ത്രിക്ക് നൽകിയത്. അതിനായി പ്രത്യേക ചെലവുകളൊന്നും വന്നിട്ടില്ല. ഗവൺമെന്റ് ഉത്തരവ് പ്രകാരം വകുപ്പിന്റെ തന്നെ എംപാനൽസ് ഏജൻസിയായ സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ് വഴിയാണ് വർക്ക് ചെയ്തത്.

(ഡി) പരസ്യ പ്രചരണാർത്ഥം നിർമ്മിക്കുന്ന ലാമിനേറ്റഡ് സീനറികൾക്ക് പ്രത്യേക ഗവൺമെന്റ് അനുമതി ആവശ്യമില്ല. ഇതിന്റെ ചെലവ് പബ്ലിസിറ്റിക്കായി അനുവദിച്ചിട്ടുള്ള 3452-80-104-98 (മാർക്കറ്റിംഗ് ആൻറ് പ്ലാൻ) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.

വാഗമൺ ടൂറിസം വികസന പദ്ധതി

101 [3248] ശ്രീ. എം. പി. ഗംഗാധരൻ:
,, എ. കെ. മണി:
,, ഡൊമിനിക് പ്രസന്റേഷൻ:
,, കെ. അച്ചുതൻ:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ ടൂറിസം വികസന പദ്ധതി ഏറ്റെടുത്ത് നടപ്പാക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത് ആരാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് സമർപ്പിച്ച് അംഗീകാരം വാങ്ങിയോ;

LIBRARY ARCHIVES Kerala Legislative Assembly